(സി&ഡി) ഇൻവെസ്റ്റിഗേഷൻ ജോലികൾ ഇപ്പോൾ നടക്കുന്നില്ല. എന്നാൽ ആവശ്യമായ ഗതാഗതസൗകര്യം, സാങ്കേതിക ഉദ്യോഗസ്ഥർ, ഫണ്ട് മുതലായവയുടെ ലഭ്യതയനുസരിച്ച് ഈ പദ്ധതിയുടെ പര്യവേഷണജോലികൾ പൂർത്തിയാക്കാൻ കഴിയും.

പറശ്ശിനി നീർപ്പാലം നിർമ്മാണം

28 (1694) ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി പദ്ധതിയുടെ ഭാഗമായി പണിത പറശ്ശിനി നീർപ്പാലം നിർമ്മാണത്തിൽ ക്രമക്കേട് നടന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയതെന്നും അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത നീർപ്പാലം നിർമ്മാണജോലിക്ക് എന്നാണ് കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് തുകയിൽ നിയമപ്രകാരമുള്ള വർദ്ധനയ്ക്ക് പുറമേ വീണ്ടും തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ എന്ത് തുക വർദ്ധിപ്പിച്ചു; ഇത് ചട്ടപ്രകാരമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ചട്ടവിരുദ്ധമായി തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ കേസെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ കാര്യത്തിൽ വിജിലൻസ് അന്വേഷണം നടന്നു വരികയാണ്. അന്വേഷണത്തിന്റെ വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.

(സി) 1983-ൽ

(ഡി) ഉണ്ട്.

(ഇ) 1992-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് സർക്കാർ ഉത്തരവ് ജി ഒ (ആർ റ്റി)382/93/ ഐ.ആർ.ഡി. തീയതി 29-03-1993 പ്രകാരം 25 ശതമാനവും ജി ഒ (ആർ റ്റി) 450/95/ഐ.ആർ.ഡി. തീയതി 28-04-1995 പ്രകാരം 75 ശതമാനവും വർദ്ധിപ്പിച്ചിട്ടുണ്ട്.

(എഫ്) വിജിലൻസ് അന്വേഷണം നടന്നു വരുന്നതിനാൽ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly